"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ-തൃശ്ശൂർ നഗരസഭ -വൈദ്യുതി വിഭാഗം-ജീവനക്കാര്യം-ശ്രീ.ഷമീർ എൻ-ന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1212/2025/LSGD തീയതി,തിരുവനന്തപുരം, 17-05-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ 23.10.2024 തീയതിയിലെ LSGD-PD/58410/2023 DEE3(1) നമ്പർ നടപടിക്രമം

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 21.11.2024 , 25.04.2025 തീയതികളിലെ LSGD/PD/58410/2023-DEE3 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 13.08.2012 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ചിട്ടുള്ള ശ്രീ.ഷമീർ.എൻ പ്രൊബേഷൻ കാലയളവിൽ നിർബന്ധമായും പാസ്സാകേണ്ട വകുപ്പുതല പരീക്ഷ പാസ്സായിരുന്നില്ല. നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദിഷ്ട വകുപ്പുതല പരീക്ഷയിൽ ടിയാൻ യോഗ്യത നേടിയത് 17.02.2017 ലാണ്. പരാമർശം(1) പ്രകാരം ശ്രീ.ഷമീർ.എൻ-ന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ് കെ.എസ്.&എസ് എസ്. ആർ റൂൾ 21 പ്രകാരം 13.08.2014 മുതൽ 12.08.2015 വരെ ഒരു വർഷക്കാലയളവിലേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

പ്രൊബേഷൻ കാലയളവിൽ പ്രൊബേഷന് പരിഗണിയ്ക്കാത്ത അവധികൾ ഒന്നും ടിയാൻ ഉപയോഗപ്പെടുത്തിയിട്ടില്ലെന്നും ടിയാനെതിരെ അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ നിലവില്ലാത്തതാണെന്നും പരാമർശം(2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. ഷമീർ.എൻ എന്നവരുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരിക്ഷണ കലയളവ് ടിയാൻ നിർബന്ധിത വകുപ്പുതല പരീക്ഷയിൽ യോഗ്യത നേടിയ

തീയതിയുടെ തൊട്ടടുത്ത ദിവസമായ 18.02.2017-ൽ പൂർത്തിയാക്കിയതായി പ്രഖ്യാപിയ്ക്കുന്നതിലേയ്ക്കായി ടിയാന്റെ പ്രൊബേഷൻ കാലയളവ് 13.08.2015 മുതൽ 19.2.2017 വരെ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം(2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിലെ ശ്രീ.ഷമീർ.എൻ എന്നവരുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരിക്ഷണ കലയളവ് ടിയാൻ നിർബന്ധിത വകുപ്പുതല പരീക്ഷയിൽ യോഗ്യത നേടിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 18.02.2017-ൽ പൂർത്തിയാക്കിയതായി പ്രഖ്യപിയ്ക്കുന്നതിലേയ്ക്കായി ടിയാന്റെ പ്രൊബേഷൻ കാലയളവ് 13.08.2015 മുതൽ 19.02.2017 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം
2) അസിസ്റ്റന്റ് സെക്രട്ടറി, വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ
3) ശ്രീ. ഷമീർ എൻ, അസിസ്റ്റന്റ് എഞ്ചിനീയർ, വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
5) വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി
6) ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 17-05-2025 14:20:33
സെക്ഷൻ ഓഫീസർ